# അറീലിയസിൻെറ ആത്മനിവേദനം

# പുസ്തകക്ഷേത്രം – 3

**അഡ്വ. പി.രാംദാസ്**

ക്രിസ്തുവർഷം 121 ഏപ്രിൽമാസം 26 ാം തിയതിയാണ് മാർക്കസ് അറീലിയസ് ഭൂജാതനായത്. അദ്ദേഹം ജനിച്ച് അധികനാൾ കഴിയുന്നതിനുമുൻപുതന്നെ അച്ഛൻ കാലഗതിപ്രാപിച്ചു. അദ്ദേഹത്തിൻെറ ബാല്യകാലം പിതൃഗൃഹത്തിലും പിന്നീട് മാതൃഗൃഹത്തിലുമായിട്ടാണ് കഴിഞ്ഞത്. 'ഈശ്വരവിശ്വാസവും തൻെറ ചുറ്റുമുള്ള സകലരെയും സ്നേഹിക്കുന്ന പ്രകൃതിയും പാപപ്രവൃത്തിയെ മാത്രമല്ല പാപചിന്തയെപോലും ഉപേക്ഷിക്കുന്നതിൻെറ ആവശ്യകതയും സമ്പന്നരുടെ രീതിയെ അനുകരിക്കാതെ അനാഡംബരമായി ജീവിക്കുന്ന ശീലവും അമ്മയിൽ നിന്നാണ് താൻ പഠിച്ചതെന്ന് ഗ്രന്ഥകർത്താവ് പുസ്തകത്തിൻെറ ആരംഭത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ഉള്ളടക്കത്തിൻെറ രൂപവും സ്വഭാവവും മനസ്സിലാക്കുന്നതിനായി ഏതാനും ഭാഗങ്ങൾ ചുവടെ താഴെ ചേർക്കുന്നു.

'മത്സരങ്ങളിൽ പക്ഷം പിടിക്കരുതെന്നും സ്വകർമ്മ നിർവ്വഹണത്തിൽ ക്ലേശസഹിഷ്ണുവായിരിക്കണമെന്നും ആവശ്യങ്ങൾ കുറച്ച് ലളിതമായ ജീവിതചര്യ സ്വീകരിക്കണമെന്നും സ്വാശ്രയശീലം വളർത്തണമെന്നും പരനിന്ദ കേൾക്കരുതെന്നും എൻെറ ഗുരുനാഥനിൽ നിന്ന് എനിക്കുഗ്രഹിക്കുവാൻ സാധിച്ചു.'

"നാൾ തോറും നമ്മുടെ ആയുസ്സ് കുറഞ്ഞാണ് വരുന്നതെന്ന് നാം ഓർമ്മിക്കണം. ദീർഘായുസുണ്ടായിരുന്നാൽ തന്നെയും കാര്യാകാര്യങ്ങൾ വിവേചിച്ചറിയാൻ വേണ്ട ബുദ്ധിശക്തിയും പ്രയോജനപ്രദമായ പ്രവർത്തികൾ ചെയ്യാൻ വേണ്ടതായ ബലവും ക്ഷയിക്കുക തന്നെ ചെയ്യും. അതിനാൽ നമ്മൾ അലസമായി ഇരുന്നുകൂടാ. ഉൽസാഹപൂർവ്വം ആത്മോന്നതിക്ക് നേരത്തെ തന്നെ ശ്രമം ആരംഭിക്കേണ്ടതാകുന്നു."

എഴുതി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ ബഹുഭൂരിപക്ഷവും മറ്റുള്ളവരുടെ ആസ്വാദനത്തിനും, പഠനത്തിനും കൈയായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. അതിൽ നിന്ന് വ്യത്യസ്തമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള ഗ്രന്ഥം. ഇത് മറ്റുള്ളവർക്കുവേണ്ടി രചിക്കപ്പെട്ടതല്ല റോമൻ ചക്രവർത്തിയായിരുന്ന മാർക്കസ് അറീലിയസ് തൻെറ ആത്മസംതൃപ്തിക്കുവേണ്ടി സ്വാത്മപരിശീലനാർത്ഥം എഴുതിയതാണ് ഈ കുറിപ്പുകൾ. എന്നാൽ ആദർശങ്ങളെ പ്രാവർത്തികമാക്കി യഥാർത്ഥ ജീവിതസൗഖ്യവും സാഫല്യവും നേടാനാഗ്രഹിക്കുന്ന ഏതൊരാൾക്കും ഇത് മാർഗ്ഗ ദർശനത്തിനുതകുന്നതാണ്. 'അറീലിയസിൻെറ ആത്മനിവേദനത്തിൽ' നിന്ന് ഉദ്ധരിച്ച ഏതാനും വരികളാണ് മേലെ ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

"ശാരീരികവും മാനസികവുമായ വേദനകൾ, രോഗപീഡകൾ എന്നീ പ്രതിസന്ധികളിൽ തളർന്നുപോകാതെ സമചിത്തനായിരിക്കണമെന്ന് അപ്പോളനിയസിൻെറ ജീവിതം എന്നെ പഠിപ്പിച്ചു."

പ്രവൃത്തികളെ സംബന്ധിച്ച് തനിക്കുതന്നെ നിർദ്ദേശകമായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത് ഇനി പറയുന്നവിധമാണ്. "നിൻെറ പ്രവൃത്തികൾ ഓരോന്നും തത്വജ്ഞാനസിദ്ധാന്തങ്ങൾക്കു അനുസൃതമാക്കാൻ സാധിക്കുന്നില്ലെന്നു വച്ചു കണ്ഠിതപ്പെടേണ്ടതില്ല. നിരാശനാകാതെ വീണ്ടും വീണ്ടും അതിൽ തന്നെ പ്രവർത്തിച്ച് ആദർശത്തിനൊത്തവിധം ആക്കാൻ ശ്രമിക്കണം; വിജയം നേടണം. നിൻെറ പ്രവൃത്തികൾ ഏറിയകൂറും ആദർശങ്ങൾക്ക് അനുയോജ്യമാണെന്നു ബോധ്യംവന്നുകഴിഞ്ഞാൽ മാത്രമേ തൃപ്തനാകാവൂ. ചെയ്യുന്ന ഏതു പ്രവൃത്തിയിലും താല്പര്യവും ആത്മാർത്ഥതയും ഉണ്ടായിരിക്കണം."

അറീലിയസ്, മാതൃഭാഷയായ റോമനിൽ അല്ല ഈ ആത്മനിവേദന രൂപത്തിലുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടുള്ളത്. അന്നത്തെ സംസ്കാര സമ്പന്നമായ ഭാഷയെന്ന് സുസമ്മതമാക്കിയ ഗ്രീക്ക് ഭാഷയിലാണ് അറീലിയസിൻെറ "ആത്മനിവേദനം". ഇംഗ്ലീഷ് ഉൾപ്പെടെ മിക്ക പാശ്ചാത്യ ഭാഷകളിലും ഇതിന് വിവർത്തനങ്ങളുണ്ടായിട്ടുണ്ട്. മലയാളത്തിൽ പി. ശേഷാദ്രി അയ്യർ ബി.എ. എം.എൽ. പരിഭാഷപ്പെടുത്തിയ ഈ ഗ്രന്ഥം പണ്ടത്തെ തിരുവിതാംകൂർ സർവ്വകലാശാലയുടെ പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗ്രീക്ക് ഭാഷയിൽ നിന്ന് നേരിട്ടുള്ള പരിഭാഷയാണ് ഇത്.

ഉൽകൃഷ്ടമായ ആദർശത്തെ മുൻനിർത്തി ജീവിതം നയിക്കുന്നവർ ഉലോം ദുർലഭരാണ്. ഇന്നത്തെ പരിസ്ഥിതിയിൽ മാത്രമല്ലമുൻപും അപ്രകാരം ജീവിക്കുക സുസാധ്യമല്ല. മാർക്കസ് അറീലിയസ് ആദർശത്തിൽ നിന്ന് വ്യതിചലിക്കാതെ ജീവിതം നയിച്ച അത്യപൂർവ്വം ചിലരിൽ ഒരാളാണ് അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങളും ഉപദേശങ്ങളും ആവേശകരങ്ങളാണ് പത്ത് ദീർഘവർഷങ്ങളോളം പാലിച്ച് ജീവിതത്തിൽ സാക്ഷാത്കരിച്ചിട്ടുള്ളവയാകയാൽ അവ അമൂല്യങ്ങളാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

മൂലത്തിൽ നിന്ന് ആശയങ്ങൾക്ക് യാതൊരു വൈകല്യവും കൂടാതെ വിവർത്തനം ചെയ്തിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം ഗൗരവത്തോടെ സമീപിക്കുന്ന എല്ലാവർക്കും പ്രയോജനവും ഉത്തേജനവും നൽകുമെന്ന് ഉറപ്പിച്ച് പറയാവുന്നതാണ്.